## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2601 — 12.02.2019 ലെ മറുപടിയ്ക്ക്.

## ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി

| | ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|---|---|
| (എ) | ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് 2018-19 ലെ ബഡ്ജറ്റിൽ എത്ര തുകയാണ് എസ്.സി.പി.യിലും റ്റി.എസ്.പി.യിലും വകയിരുത്തിയിട്ടുള്ളതെന്നും ആയതിൽ 31.12.2018 വരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗങ്ങൾക്കു ഭൂമി വാങ്ങുന്നതിനായി എസ്.സി.പി യിൽ 2018-19 വർഷം 225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 31.01.2019 വരെ 133 കോടി രൂപ ചെലവഴിച്ചു.<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനും പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്ക് വികസന പ്രവർത്തനങ്ങൾക്കുമായി 2018-19 ബഡ്ജറ്റിൽ 55 കോടി രൂപ വകയിരുത്തിയതിൽ 8.31 കോടി രൂപ ഭൂമി വാങ്ങി നൽകുന്നതിനായി അനുവദിക്കുകയും 2.31 കോടി രൂപ ഭൂമി വാങ്ങി നൽകുന്നതിനായി ചെലവഴിക്കുകയും ചെയ്തു. മറ്റ് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ഉൾപ്പെടെ 6.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഇതിലൂടെ എത്ര പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകിയെന്ന് വ്യക്തമാക്കുമോ? | (ബി) | 3096 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകി.<br>26 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 15.42 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ വെള്ളപ്പൊക്ക ബാധിതരായ 6 കോളനികളിലെ 144 പട്ടികവർഗ്ഗക്കാർക്ക് 24.39 കോടി രൂപ അനുവദിച്ച് തുടർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ